## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2028 05-12-2018 -ൽ മറുപടിക്ക്

### നാഷണൽ ഡിസാസ്റ്റർ റിലീഫ് ഫണ്ട് (NDRF)

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.യു. ആർ. പ്രദീപ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | പ്രളയ നാശനഷ്ടം അതിജീവിക്കുന്നതിന് നാഷണൽ ഡിസാസ്റ്റർ റിലീഫ് ഫണ്ട് മുഖേന കേന്ദ്രത്തിൽ നിന്നും ഇതുവരെ എത്ര കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്; | എ) | കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 600 കോടി രൂപയുടെ അടിയന്തിര സഹായം ലഭിച്ചിട്ടുണ്ട്. |
| ബി) | ആകെ എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളത്; | ബി) | ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assesment-PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരള സർക്കാർ കണക്കാക്കിയ നഷ്ടം 5616 കോടി രൂപയുടെതാണ്. |
| സി) | കേരളത്തിന് മതിയായ തോതിൽ ധനസഹായം അനുവദിക്കാത്തത് കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണനയാണ് എന്ന് മാധ്യമങ്ങളിൽ വാർത്ത വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | എൻ.ഡി.ആർ.എഫ് ഫണ്ടിൽ നിന്നും കൂടുതൽ ധനസഹായം ലഭിക്കുന്നതിന് വീണ്ടും കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ